സ്ഥിരം അദാലത്ത് സമിതി(1) യുടെ യോഗം 09/04/2024 ചൊവ്വാഴ്ച പകൽ 10.30 മണിക്ക് നടന്നു. പ്രസ്തുത യോഗത്തിലെ ഹാജരും തീരുമാനങ്ങളും

ഹാജർ–

1) സതീശൻ.കെ.വി ഇൻറേണൽ വിജിലൻസ് ആഫീസർ & കൺവീനർ

2) നിധിൻകുമാർ എസ് –ഡെ.ടൌൺ പ്ലാനർ LSGD KANNUR

3) ബിജു.പി.വി –അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ PAYYANNUR BOCKPANCHAYAT

തദ്ദേശ സ്ഥാപന പ്രതിനിധികൾ

1)മിനി എവി സീനിയർ ക്ലാർക്ക് കുഞ്ഞിമംഗലം ജി.പി

പരാതിക്കാർ/പ്രതിനിധികൾ

1)ശ്യാം കുമാർ. യു. – ഫ്രൻസ് ആർട്സ് സ്പോർട്സ് & ക്ലബ്ബ് എടാട്ട്

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ ഉൾപ്പെട്ട എടാട്ട് എന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിച്ച് കിട്ടുന്നില്ല എന്നതാണ് പരാതി.

കുഞ്ഞിമംഗലം വില്ലേജിൽ റി.സ. 58/105 ൽ ഉൾപ്പെട്ട 2 സെൻറ് സ്ഥലത്താണ് കെട്ടിടം നിർമ്മിച്ചിട്ടുള്ളതെന്നും പ്രസ്തുത സ്ഥലം ഡാറ്റാ ബേങ്കിൽ ഉൾപ്പെട്ടിട്ടുള്ളതിനാലാണ് ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണ പെർമിറ്റ് അനുവദിക്കാത്തതെന്നും,.ഒരു ജനകീയ സ്ഥാപനമെന്ന നിലയിൽ കെട്ടിടനിർമ്മാണത്തിന് ഇളവ് അനുവദിച്ചു തരണമെന്നാണ് പരാതിയുടെ ഉള്ളടക്കം.

കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിലെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും കെട്ടിട നിർമ്മാണാനുമതിക്കായി പരാതിക്കാരുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. പ്രസിദ്ധീകരിക്കപ്പെട്ട ഡാറ്റാ ബാങ്ക് പരിശോധിച്ചതിൽ കുഞ്ഞിമംഗലം വില്ലേജിൽ റി.സ. നമ്പർ 58/9 ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുണ്ട് .വില്ലേജ് ആഫിസിലെ തണ്ടപ്പേര് അക്കൌണ്ട് പരിശോധിച്ചതിൽ തണ്ടപ്പേര് അക്കൌണ്ട് നം 4345 പ്രകാരം ഫ്രൻസ് ആർട്സ് & സ്പോർട്സ് ക്ലബ്ബിന്റെ ഉടമസ്ഥയിലുള്ള 91 ച.മി വിസ്തൃതിയുള്ള ഭൂമിയുടെ റി.സ. നമ്പർ 58/105 ആണ് . പ്രസ്തുത ഭൂമി 58/9 സർവ്വേ നമ്പറിൽ നിന്നാണ് സബ്ഡിവിഷൻ ചെയ്തിട്ടുള്ളത്. ഭൂമിയുടെ തരം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ റി.സർവ്വേ നമ്പർ 58/9 ൽനിന്ന് സബ്ഡിവിഷൻ ചെയ്യപ്പെട്ടിരിക്കുന്ന 58/105 റി.സ. ഭൂമിയിലാണ് കെട്ടിട നിർമ്മാണം നടത്തിയിരിക്കുന്നത്.പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന ഡാറ്റാ ബാങ്കിൽ 58/9 റി.സ.നമ്പർ ഉൾപ്പെടുന്നതിനാൽ 58/105 ഭൂമിയും ഡാറ്റാ ബാങ്കിൽ ഉൾപ്പെടുന്നതായി കാണാവുന്നതാണ്. 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണനിയമം സെക്ഷൻ 14 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയിൽ കെട്ടിട നിർമ്മാണാനുമതി നല്കാവുന്നതല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഡാറ്റാ ബാങ്കിലുൾപ്പെട്ട സ്ഥലത്ത് നെൽവയലിന്റെ ഉടമസ്ഥന് വീട് വെക്കുന്നതിന് നെൽവയൽ നികത്തുന്നതിന് മാത്രമാണ് അനുമതി നല്കുന്നതിന് ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളൂ.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ചട്ടം 4ഡി പ്രകാരം ഡാറ്റാ ബാങ്കിലെ ഉള്ളടക്കം തിരുത്തുന്നതിന് റവന്യൂ ഡിവിഷണൽആഫീസർക്ക് അപേക്ഷ നല്കാവുന്നതാണ്.

2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 10 പ്രകാരം പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം ആക്ടിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കി കൊടുക്കുന്നതിനുള്ള അധികാരം സർക്കാരിൽനിക്ഷിപ്തമാണ്.

മേൽ വിവരിച്ച പ്രകാരം പരാതിക്കാരുടെ ഭൂമി ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ടതാണെങ്കിൽ റവന്യൂ ഡിവിഷണൽ ആഫീസർക്കോ, പൊതുആവശ്യത്തിനുവേണ്ടി നിലം പരിവർത്തനപ്പെടുത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള അപേക്ഷയാണെങ്കിൽ പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുഖേന സർക്കാരിലേക്കോ അപേക്ഷിക്കുന്നതിന് പരാതിക്കാരനോട് നിർദ്ദേശിച്ച് തീരുമാനിച്ചു.